# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5791

28.03.2018 ൽ മറുപടിക്ക്

## ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാനായി സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.പി.കെ. ശശി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| നഗരവൽക്കരണത്തിന്റെ പരിണിതഫല ങ്ങളിലൊന്നായ ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓപ്പറേഷൻ ഗുണ്ടാ, ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ, ഓപ്പറേഷൻ മൺസൂൺ എന്നീ പദ്ധതികളും, ഗുണ്ടാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി ഷാഡോ ടീമിനെ രൂപീകരിക്കുകയും ഗുണ്ടകളെന്ന് സംശയിക്കു ന്നവരുടെ പ്രവർത്തനങ്ങൾ നിരീക്ഷി ക്കുകയും സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സെക്യൂരിറ്റി കേസുകൾ രജിസ്റ്റർ ചെയ്യുകയും കൂടാതെ ഇത്തരക്കാർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റുകൾ തുറന്ന് ഇവരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുകയും ചെയ്യുന്നുണ്ട്. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ 107 സി.ആർ. പി.സി, 151 സി.ആർ.പി.സി, കാപ്പാ തുടങ്ങിയ നിയമങ്ങൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 97 ഡിറ്റൻഷൻ ഓർഡറുകൾ പുറപ്പെടു വിക്കുകയും 100 ഗുണ്ടകളെ അറസ്റ്റ് ചെയ്യുകയും, 92 പേർക്കെതിരെ കാപ്പാ സെക്ഷൻ 15 പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ